# നക്ഷത്രവനങ്ങൾ

എസ്. കുമാരൻ നായർ.



ജ്യോതിഷം ശാസ്ത്രമോ അന്ധവിശ്വാസമോ എന്ന സംശയം ദൈവം സത്യമോ മിഥ്യയോ എന്ന ചോദ്യംപോലെ തന്നെ, അവസാനിക്കാത്ത ഒരു വിവാദവിഷയമായിരിക്കും. അനുകൂലിക്കും പ്രതികൂലിക്കുന്നവർക്കും നിരത്തുവാൻ ഏറെ തെളിവുകളും വസ്തുതകളും അനുഭവങ്ങളുമുണ്ടാകും. അതുകൊണ്ട് അത്തരമൊരു ചർച്ച നമുക്കൊഴിവാക്കാം. പക്ഷേ, ഒരു അരനൂറ്റാണ്ടു മുമ്പുവരെയെങ്കിലും ഭാരതത്തിലെ ജനാധിവാസ പ്രദേശങ്ങളിലെയെല്ലാം വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തെ ക്രമപ്പെടുത്തുന്ന പ്രധാനഘടകങ്ങളിൽ ഒന്നായിരുന്നു ജ്യോതിഷവും എന്നത് ഒരു വസ്തുതയാണ്.

ഭാവിപ്രവചനത്തിനപ്പുറത്ത് വേറെയും മേഖലകളിലും ജ്യോതിഷവും അതിനനുബന്ധമായ മറ്റുചില വിശ്വാസപദ്ധതികളും പ്രവർത്തിച്ചിരുന്നു. ജ്യോതിഷപദ്ധതിയുടെ പ്രവചനബാഹ്യമായ ഈ തലങ്ങളിലൂടെ കടന്നുപോകുമ്പോൾ അതിന് സമഗ്രമായൊരു ജീവിത ദർശനവും നാഗരികതാ സങ്കല്പവും ഉണ്ടായിരുന്നു എന്നു തന്നെയാണ് മനസിലാവുക. അത്തരം ചില മേഖലകളിലൂടെ വെറുതെ ഒന്നു നടന്നുനോക്കുകയാണ് ഈ ലേഖന പരമ്പരയുടെ ഉദ്ദേശ്യം.

ജ്യോതിഷത്തിൽ പ്രപഞ്ചത്തെ ഇരുപത്തിയേഴ് നക്ഷത്രമേഖലകളാക്കി തിരിച്ചിട്ടുണ്ട്. ഓരോ സമയത്തും ചന്ദ്രൻ ഇതിലേക്ക് നക്ഷത്ര മേഖലയിലാണോ നിൽക്കുന്നത് എന്നുനോക്കി അപ്പോഴത്തെ നാൾ പറയുന്നു. അങ്ങിനെ ഭൂമിയിൽ ജനിച്ചു വീഴുന്ന ഏതൊരു മനുഷ്യനും അശ്വതി മുതൽ രേവതി വരെയുള്ള 27 നാളുകളിൽ ഒന്ന് ജന്മനാളായി ലഭിക്കുന്നു. ഒരു പ്രദേശത്തെ ജനസംഖ്യയെടുത്താൽ അതിൽ ഈ ഓരോ നാളിലും ജനിച്ച വ്യക്തികളുടെ എണ്ണം ഏറെക്കുറെ തുല്യമായിരിക്കും. ആയിരം പേരുള്ള ഒരു സമൂഹത്തിൽ ഈ ഓരോ നാളുകാരും ഏകദേശം 37-നടുത്തു വരും.

ഈ ഓരോ നക്ഷത്രത്തിനും വ്യത്യസ്തങ്ങളായ ഓരോ വൃക്ഷത്തേയും മൃഗത്തേയും നിർണയിച്ചു നല്കിയിട്ടുണ്ട് ജ്യോതിഷത്തിൽ. തങ്ങൾക്കു വിധിച്ച മൃഗത്തെയും വൃക്ഷത്തെയും നശിപ്പിക്കാതെ വളർത്തി രക്ഷിക്കുക എന്നത് ഓരോ നാളുകാരന്റെയും കർത്തവ്യമാണെന്നും എങ്കിൽ ആയുസും ആരോഗ്യവും ഐശ്വര്യവും വർധിക്കുമെന്നും പറഞ്ഞിരിക്കുന്നു.

നക്ഷത്രങ്ങൾക്കു വിധിച്ചിരിക്കുന്ന ഈ വൃക്ഷങ്ങളുടെ കാര്യം നോക്കാം. (പട്ടിക നോക്കുക). പ്രവചനാദി ജ്യോതിഷ കാര്യങ്ങളിലൊന്നും നക്ഷത്രങ്ങളുടെ വൃക്ഷങ്ങളെ പരിഗണനയ്ക്കെടുക്കുന്നില്ല. അതായത്, പ്രവചന സംബന്ധിയായ കാര്യത്തില്ല നക്ഷത്രങ്ങളെ നിർണയിച്ചിരിക്കുന്നത്. എന്നാൽ, ഇതുമായി ബന്ധപ്പെട്ട് ഒരു ആചാരം സമൂഹത്തിൽ നിലനിന്നിരുന്നുതാനും. ഒരാൾ മരിക്കുമ്പോൾ മരിച്ചയാളുടെ നക്ഷത്രത്തിന്റെ ഒരു തൈ പറമ്പിൽ നട്ടുപിടിപ്പിച്ച് വളർത്തുകയായിരുന്നു ആ പതിവ്. അങ്ങിനെ ഈ 27 ഇനം വൃക്ഷങ്ങളും ഓരോ വീട്ടുവളപ്പിലും സംരക്ഷിക്കപ്പെടുന്ന ഒരവസ്ഥയുണ്ടാകുന്നു. പണ്ടത്തെകാലത്തെ കൂട്ടുകുടുംബങ്ങളെ സംബന്ധിച്ചിടത്തോളം ഓരോ കുടുംബത്തിന്റെയും വിശാലമായ കൈവശഭൂമിയുടെ ഒരു ഭാഗത്ത് ഒരു സ്മൃതിവനം അഥവാ പിതൃവനം ഇങ്ങിനെ രൂപപ്പെട്ടുവരുന്നു. ശല്യം ഒട്ടുമേൽക്കാതെ ഈ മരക്കൂട്ടം നല്ലൊരു കാവായി മാറുകയും ചെയ്യും. ഓരോ പറമ്പിലും കുറഞ്ഞത് 27 തരം മരമെങ്കിലുമുള്ള ഇത്തരമൊരു കാവ് സംരക്ഷിക്കപ്പെടുമ്പോൾ അത് ആ പറമ്പുകൾക്കും മൊത്തം ഭൂപ്രദേശത്തിനും നല്കുന്ന പാരിസ്ഥിതികമായ ഗുണങ്ങൾ മനസിൽ കാണുക.

നക്ഷത്രവൃക്ഷങ്ങളായി തെരഞ്ഞെടുത്തിരിക്കുന്ന വൃക്ഷങ്ങളുടെ പേരുകളിലൂടെ മനസിരുത്തി ഒന്നു കണ്ണോടിച്ചാൽ, ഇത്തരമൊരു നക്ഷത്രവനം എത്ര സാമർഥ്യത്തോടെ ഒരു ചെറുവനത്തിന്റെ ഗുണങ്ങൾ നല്കുമെന്നു മനസിലാകും.

## നക്ഷത്രവൃക്ഷങ്ങൾ

| | |
|---|---|
| അശ്വതി | : കാഞ്ഞിരം |
| ഭരണി | : നെല്ലി |
| കാർത്തിക | : അത്തി |
| രോഹിണി | : ഞാവൽ |
| മകയിരം | : കരിങ്ങാലി |
| തിരുവാതിര | : കരിമരം |
| പുണർതം | : മുള |
| പൂയം | : അരയാൽ |
| ആയില്യം | : നാകമരം |
| മകം | : പേരാൽ |
| പൂരം | : പ്ലാവ് |
| ഉത്രം | : ഇത്തി |
| അത്തം | : അമ്പഴം |
| ചിത്തിര | : കൂവളം |
| ചോതി | : നീർമരുത് |
| വിശാഖം | : വയ്യങ്കതവ് |
| അനിഴം | : ഇലഞ്ഞി |
| തൃക്കേട്ട | : വെട്ടി |
| മൂലം | : പയം |
| പൂരാടം | : വഞ്ചി |
| ഉത്രാടം | : പ്ലാവ് |
| തിരുവോണം | : എരുക്ക് |
| അവിട്ടം | : വന്നി |
| ചതയം | : കടമ്പ് |
| പൂരോരുട്ടാതി | : തേന്മാവ് |
| ഉത്രട്ടാതി | : കരിമ്പന |
| രേവതി | : ഇരിപ്പ |

## കേരളീയം വരിക്കാരോടുള്ള പ്രത്യേക അറിയിപ്പ്

സംവിധാനങ്ങൾ ക്രമപ്പെടുത്തുന്നതിൽ വന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം കേരളീയം ദ്വൈവാരികയായി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടില്ല. വായനക്കാർ കുറച്ചുകൂടി കാത്തിരിക്കുക. വാർഷിക വരിക്കാർക്ക് 24 ലക്കങ്ങൾ തന്നെ ലഭിക്കുമെന്ന് ഉറപ്പു തരുന്നു.

-മാനേജിംഗ് എഡിറ്റർ.

## പത്രം കിട്ടുന്നില്ല/നഷ്ടപ്പെടുന്നു

വരിക്കാർക്കെല്ലാം കൃത്യമായി പത്രം അയയ്ക്കുന്നുണ്ടെങ്കിലും തപാലിൽ ചിലർക്ക് നഷ്ടപ്പെടുന്നതായറിയുന്നു. ആർക്കെങ്കിലും കോപ്പി ലഭിക്കാതെ വന്നാൽ ദയവായി നിങ്ങളുടെ പൂർണവിലാസമെഴുതി ഉടനടി ഒരു കാർഡിടുക. (ഒപ്പം പോസ്റ്റോഫീസിൽ പരാതിപ്പെടുകയുമാവാം). പകരം കോപ്പി അയയ്ക്കും.

-സർക്കുലേഷൻ മാനേജർ.